ശ്രീ. കെ ബാബു :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്ന് എന്തെങ്കിലും തുക ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ എന്തു തുകവീതം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് നൽകുന്ന തുക യുടെ വിനിയോഗം നിരീക്ഷിക്കുവാൻ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

(എ)&(ബി) ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് കേന്ദ്രവിഹിതം ലഭിക്കുന്നില്ല.

(സി)&(ഡി) ബാധകമല്ല.

332 (1525) ജനകീയാസൂത്രണ ഫണ്ട് വിനിയോഗിക്കുന്നതിലെ ക്രമക്കേടുകൾ

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ ഫണ്ട് വിനിയോഗിക്കുന്നതിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള ക്രമക്കേടുകളും അഴിമതിയും യഥാസമയം കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിന് സർക്കാർ ഇതിനകം നടപടി ആരംഭിച്ചതും നടപടിയിലിരിക്കുന്നതുമായ അന്വേഷണ സംവിധാനങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇവയുടെ അന്വേഷണം കൂടുതൽ ഫലപ്രദമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഓഡിറ്റ് കമ്മിഷന്റെ അന്വേഷണരീതി എപ്രകാരമായിരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്കു പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ആഡിറ്റ് നടത്തുന്നതിന് പെർഫോർമൻസ് ആഡിറ്റ് സംവിധാനം നിലവിലുണ്ട്. പെർഫോർമൻസ് ഓഡിറ്റിൽ ചൂണ്ടിക്കാട്ടുന്ന ക്രമക്കേടുകളും അപാകതകളും അപ്പോഴപ്പോൾതന്നെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുന്നു. ഫണ്ട് വിനിയോഗം സംബന്ധിച്ച് വാർഷിക കണക്കുകൾ ലോക്കൽ ഫണ്ട് വിഭാഗം പരിശോധിച്ച് അപാകതകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് വകുപ്പുതല അന്വേഷണം നടത്തുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലും സംസ്ഥാനതലത്തിൽ തദ്ദേശ ഭരണവകുപ്പു സെക്രട്ടറിയുടെ മേൽനോട്ടത്തിലും പരാതി അന്വേഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എ.ജി. യുടെ സാധാരണ ഓഡിറ്റ് കൂടാതെ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗവും പരിശോധന നടത്തുന്നുണ്ട്. ക്രമക്കേടുകളുടെ ഗൗരവം കണക്കിലെടുത്ത് ആവശ്യമെങ്കിൽ വിജിലൻസ് അന്വേഷണവും സോഷ്യൽ ആഡിറ്റിംഗും നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ ഓംബുഡ്സ്മാനും ഓഡിറ്റ് കമ്മിഷനും ജില്ലാതലത്തിൽ അപ്പലേറ്റ് ട്രിബ്യൂണലുകളും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ആഡിറ്റു കമ്മിഷന്റെ രൂപീകരണം സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ കമ്മിഷന്റെ അന്വേഷണരീതി എപ്രകാരമായിരിക്കുമെന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

333 (1526) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകൾ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഗ്രാമ പഞ്ചായത്തിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകളെക്കുറിച്ച് ആരുടെയെല്ലാം പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഇതു സംബന്ധമായി എന്തെങ്കിലും അന്വേഷണം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്തിൽ നടന്ന ക്രമക്കേടുകളിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരെല്ലാം എന്ന് വെളിപ്പെടുത്തുമോ; ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസ്സ് നിലവിലുണ്ടോ?

ഉത്തരം

(എ) 1. പിറവം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്.

2. ശ്രീ. ടി.എം. ജേക്കബ്, നിയമസഭാംഗം, എന്നിവരുടെ രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) 1. പിറവം പോലീസ് സ്റ്റേഷനിൽ ക്രൈം കേസ്സ് രജിസ്റ്റർ ചെയ്തു.

2. എറണാകുളം ഡി.ജി.പി. പ്രാഥമികാന്വേഷണം നടത്തി.

3. പഞ്ചായത്ത് സെക്രട്ടറി ശ്രീ. ജി.എ. ഗോപീകൃഷ്ണൻ, യു.ഡി. ക്ലാർക്ക്മാരായ സർവ്വശ്രീ. എ.കെ. ജയപ്രകാശ്, ജേക്കബ് എം. മുസ്താൻ എന്നിവരെ അന്വേഷണവിധേയമായി സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തു.

4. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം ശുപാർശചെയ്തു.

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly